**പതിമൂന്നാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1020** | **2.12.2015 ലെ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിലെ പട്ടികജാതി സംവരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ജെയിംസ് മാത്യു | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | 1,18,822 എയിഡഡ് സ്കൂൾ അധ്യാപകരിൽ 356 പേരും (0.29%) 10,517 എയിഡഡ് കോളേജ് അധ്യാപകരിൽ 49 പേരും (0.46%) മാത്രമേ പട്ടികജാതിയിൽ പ്പെട്ടവർ ഉള്ളുവെന്നത് കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | കേരള വിദ്യാഭ്യാസനിയമം 1958 സെക്ഷൻ 11 പ്രകാരം സർക്കാരിന്റെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരെ നിയമിക്കാനുള്ള അധികാരം മാനേജർമാരിൽ നിക്ഷിപ്തമാണ്. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങളിൽ സംവരണം നടപ്പാക്കുവാൻ സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ; പ്രസ്തുത ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ഗ്രാൻറ് ഇൻ എയ്ഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 24.05.2015 ലെ 33205/10 നം. റിട്ട് പെറ്റിഷനിലെ വിധി ന്യായത്തിനെതിരെ രണ്ട് എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ അപ്പീൽ നൽകുകയും ടി വിധിന്യായത്തിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ അന്തിമ തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| | | | |
| (സി) | സർക്കാർ/അർദ്ധ സർക്കാർ സ്ഥാപന ങ്ങളിൽ സ്ഥിരംനിയമനം കുറയുകയും കരാർ നിയമനം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കരാർ നിയമനത്തിലും സംവരണതത്വം ബാധകമാക്കുമോ; | (സി) | കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടതു സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല |
| (ഡി) | സ്വകാര്യമേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യത്തോട് സർക്കാരിന്റെ നിലപാട് അറിയിക്കുമോ? | (ഡി) | സ്വകാര്യമേഖലയിൽ സംവരണതത്വങ്ങൾ പാലിക്കണമെന്ന് ഏകപക്ഷീയമായി സർക്കാരിന് നിലപാട് സ്വീകരിക്കുവാൻ കഴിയില്ല. പട്ടികജാതി/വർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി അവർക്ക് അർഹതപ്പെട്ട സംവരണം സ്വകാര്യ മേഖലയിൽ നടപ്പിലാക്കുന്നതിന് വിശദമായി പഠനം നടത്തി ബന്ധപ്പെട്ട മേഖലകളിലുള്ളവരുമായി ചർച്ച നടത്തി അഭിപ്രായസമന്വയത്തിൽ എത്തിച്ചേരേണ്ടതുണ്ട്. |

സെക്ഷൻഓഫീസർ